# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.* 177** **13/06/2019-ൽ മറുപടിക്ക്**

## ഐ.ടി. മേഖലയിലെ വികസനം

**ചോദ്യം**

**ശ്രീ. ബി.സത്യൻ**
**,, എം. സ്വരാജ്**
**,, വി. ജോയി**
**,, ആന്റണി ജോൺ**

**മറുപടി**

**പിണറായി വിജയൻ**
**(മുഖ്യമന്ത്രി)**

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | സർക്കാരിന്റെ ഐ.ടി നയത്തിനനുസൃതമായി ഐ.ടി. പാർക്കുകൾ കൂടുതൽ ആകർഷകമാക്കുന്നതിനും വികസിപ്പിക്കുന്നതിനും നടത്തിയ പ്രവർത്തനങ്ങളുടെ ഫലമായി സൃഷ്ടിക്കാൻ കഴിഞ്ഞ തൊഴിലവസരങ്ങൾ എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; | എ) | സർക്കാരിന്റെ ഐ.ടി നയത്തിനനുസൃതമായി ഐ.ടി പാർക്കുകൾ കൂടുതൽ ആകർഷിക്കുന്നതിനും വികസിപ്പിക്കുന്നതിനും നടത്തിയ പ്രവർത്തനങ്ങളുടെ ഫലമായി ഗവൺമെന്റ് ഐ.ടി പാർക്കുകളിൽ, പാർക്കുകൾ നേരിട്ടും അവിടെയുള്ള ഉപസംരംഭകർ മുഖേനെയും ഏകദേശം 175 ലക്ഷം ച.അടി അടിസ്ഥാന സൗകര്യങ്ങൾ സജ്ജീകരിച്ചു കൊണ്ട് 774 കമ്പനികളിൽ നിന്നും പുതുതായുള്ള ഏകദേശം 15922 തൊഴിലവസരങ്ങൾ ഉൾപ്പെടെ ഏകദേശം 98550 പേർക്ക് പ്രത്യക്ഷമായും, ഇതിന്റെ മൂന്നിരട്ടി പരോക്ഷമായുമുള്ള തൊഴിലവസരങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. |
| ബി) | തിരുവനന്തപുരവും എറണാകുളവും ബംഗളൂരു മാതൃകയിലുള്ള ഐ.ടി. ഹബ്ബാക്കിത്തീർക്കാൻ സഹായകരമായ രീതിയിൽ വൻകിട വിദേശ കമ്പനികളെ ആകർഷിക്കാൻ സാധ്യമായിട്ടുണ്ടോ; | ബി) | തിരുവനന്തപുരവും, എറണാകുളവും, ബംഗളൂരു മാതൃകയിലുള്ള ഐ.ടി ഹബ്ബാക്കി തീർക്കാൻ സഹായകരമായ രീതിയിൽ വൻകിട വിദേശ കമ്പനികളെ ആകർഷിക്കാൻ കഴിഞ്ഞതിന്റെ ഭാഗമായി ഗവൺമെന്റ് ഐ.ടി പാർക്കുകളിൽ നിസ്സാൻ, ടോറസ് ഗ്രൂപ്പ്, എച്ച്&ആർ ബ്ലോക്ക്, |

| | | | |
|---|---|---|---|
| | | | ടെറാനറ്റ്, അപോളിസ്, ബ്രിഗേഡ് വേൾഡ് ട്രെയിഡ് സെന്റർ, റാക്ക് ബാങ്ക്, ട്രാൻസേഷ്യ തുടങ്ങിയ വിദേശ കമ്പനികളും ആഗോളതലത്തിൽ പ്രവർത്തിക്കുന്ന വൻകമ്പനികളായ ലുലു, ടെക് മഹിന്ദ്ര തുടങ്ങിയ കമ്പനികളും പുതുതായി അവരുടെ വ്യവസായ സംരംഭങ്ങൾ ഐ.ടി പാർക്കുകളിൽ ആരംഭിച്ചിട്ടുണ്ട്. |
| സി) | കൊച്ചി സ്മാർട്ട് സിറ്റിയുടെ നിർമ്മാണ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ? | സി) | സ്മാർട്ട്സിറ്റി കൊച്ചിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പുരോഗമിച്ച കൊണ്ടിരിക്കുന്നു. ആദ്യം പൂർത്തീകരിച്ച 6.5 ലക്ഷം ച.അടി ഐ.ടി കെട്ടിടത്തിൽ ഏകദേശം 3000-ൽ പരം ജീവനക്കാർ 35-ൽ പരം ഐ.ടി കമ്പനികളിലായി പ്രവർത്തിക്കുന്നു.<br>രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള കോ -ഡെവലപ്പേഴ്സിന്റെ ഐ.ടി കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങളും സമയബന്ധിതമായി നടന്നു വരുന്നു. ഏകദേശം 55 ലക്ഷത്തോളം ച.അടി വിസ്തീർണ്ണമാണ് ഇതിൽ ലക്ഷ്യമിടുന്നത്. 2021-ഓടു കൂടി പ്രസ്തുത കെട്ടിടങ്ങൾ പ്രവർത്തനമാകുമ്പോൾ സ്മാർട്ട്സിറ്റിയിൽ ഏകദേശം 55000 പുതിയ ഐ.ടി ജീവനക്കാർക്ക് തൊഴിൽ ലഭിക്കുമെന്ന് കരുതുന്നു. |

**സെക്ഷൻ ഓഫീസർ**